പതിനാലാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമില്ലാത്ത
ചോദ്യം നം. 4592

26/10/2016-ൽ
മറുപടിയ്ക്ക്

## പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ , മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ നവീകരണം

| ചോദ്യം<br>ശ്രീ.പി.കെ. ശശി | | ഉത്തരം<br>ശ്രീ.എ.കെ. ബാലൻ<br>പട്ടികജാതി- പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി | |
|---|---|---|---|
| (എ) | സംസ്ഥാനത്തെ മോഡൽ റസിഡൻഷ്യൽസ്കൂളുകൾ പ്രീമെട്രിക് / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയിൽ കുട്ടികളുടെ പഠനസഹായത്തിനും ആരോഗ്യ സംരക്ഷണത്തിനും മറ്റു കാര്യങ്ങൾക്കുമായി നിലവിൽ നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം; വിശദാംശം ലഭ്യമാക്കുമോ; | (എ) | പട്ടികജാതി വികസനവകുപ്പിൽ വിദ്യാർത്ഥികളുടെ പഠനസഹായത്തിനായി 5,6,7, ക്ലാസ്സുകളിൽ 1 വീതവും ഹൈസ്കൂൾ വിഭാഗത്തിൽ സയൻസ് (2) കണക്ക് (1) ഹിന്ദി (1) ഇംഗ്ലീഷ് (1) സോഷ്യൽ സ്റ്റഡീസ് (1) വീതവും ട്യൂട്ടർമാരുടെ സേവനം ലഭ്യമാക്കിയിട്ടുണ്ട്. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ പഠനസഹായത്തിനായി റസിഡന്റ് ട്യൂട്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. ഹോസ്റ്റൽ അന്തേവാസികളുടെ ആരോഗ്യ സംരക്ഷണത്തിനായി ന്യൂട്രീഷ്യൻ ബോർഡിന്റെ മെനു അനുസരിച്ച് ഭക്ഷണം നൽകിവരുന്നു. കൂടാതെ ഹോസ്റ്റലും പരിസരവും വൃത്തിയായി സൂക്ഷിക്കുന്നു. വ്യക്തി ശുചിത്വം പാലിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുന്നുണ്ട്. പെൺകുട്ടികളുടെ ഹോസ്റ്റലിൽ സാനിട്ടറി നാപ്കിൻ ഡിസ്പോസർ സ്ഥാപിച്ചിട്ടുണ്ട്.<br>പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2,000/- രൂപയും, 130 /- രൂപ പോക്കറ്റ് മണിയും അനുവദിച്ചു വരുന്നു. കൂടാതെ യൂണിഫോം, ബാഗ്, ചെരുപ്പ് മുതലായവ വാങ്ങുന്നതിന് മറ്റ് അലവൻസുകൾ അനുവദിച്ചു വരുന്നു. പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളിൽ |

| | | | |
|---|---|---|---|
| | | | ഭക്ഷണത്തിനായി ഒരു വിദ്യാർത്ഥിക്ക് പ്രതിമാസം 2,300/- രൂപയും, 190/- രൂപ പോക്കറ്റ് മണിയും അനുവദിച്ച് വരുന്നു. ഓണം, ക്രിസ്തുമസ് അവധിക്ക് വീട്ടിൽ പോയി വരുന്നതിന് യാത്രാക്കൂലിയും അനുവദിച്ചുവരുന്നു.<br>പട്ടിക വർഗ്ഗ വിഭാഗത്തിൽ മോഡൽ റസിഡൻഷ്യൽ സ്കൂൾ, പ്രീമെട്രിക് / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ എന്നിവയിൽ വിദ്യാർത്ഥികളുടെ പഠന സഹായത്തിനും അടിസ്ഥാനസൗകര്യ വികസനത്തിനുമായി വിവിധ പദ്ധതികൾ പട്ടിക വർഗ്ഗ വികസന വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. എം. ആർ എസ് -ൽ കുട്ടികളുടെ പഠന സഹായത്തിനായി സ്കൂൾ പഠന സമയത്തിനുശേഷവും അധ്യാപകർ സ്പെഷ്യൽ ക്ലാസ്സുകൾ എടുത്തുവരുന്നു. 5,6,7 ക്ലാസ്സുകളിലെ പഠനത്തിൽ പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സ്പെഷ്യൽ കോച്ചിംഗ് ക്ലാസ്സ് നൽകിവരുന്നു. ഇംഗ്ലീഷ് ഭാഷയുടെ പഠനത്തിനായി സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സും, 5- ാം ക്ലാസ്സിലേക്ക് പ്രവേശനം നേടുന്ന വിദ്യാർത്ഥികൾക്ക് ഇംഗ്ലീഷ്, സയൻസ്, കണക്ക് എന്നീ വിഷയങ്ങൾക്ക് സ്പെഷ്യൽ ട്യൂഷനും നൽകിവരുന്നു. എം. ആർ. എസ് -കളിലെ +1, +2 വിദ്യാർത്ഥികൾക്കായി എൻട്രൻസ് കോച്ചിംഗ് ക്ലാസ്സും നടത്തിവരുന്നു. വിദ്യാർത്ഥികളുടെ കലാകായികപരമായ വികസനത്തിനായി സംഗീതം, നൃത്തം, പി. ടി, ഡ്രോയിംഗ്, മാർഷ്യൽ ആർട്സ്, എന്നിവയ്ക്ക് പ്രത്യേകം ടീച്ചർമാരുടെ സേവനം ലഭ്യമാണ്. വിദ്യാർത്ഥികളുടെ പഠന സഹായത്തിനായി മാനേജർ കം റസിഡൻഷ്യൽ ട്യൂട്ടറുടെ സേവനം എം. ആർ. എസ് - ന്റെ ഹോസ്റ്റലുകളിലും ലഭ്യമാണ്. വിദ്യാർത്ഥികളുടെ മാനസിക പഠനനിലവാരം ഉയർത്തുന്നതിലേയ്ക്ക് ഹോസ്റ്റലുകളിലും എം. ആർ.എസ്-കളിലും സ്റ്റുഡന്റ് കൗൺസിലർമാരെ നിയമിച്ചുവരുന്നുണ്ട്. പഠനനിലവാരം മെച്ചപ്പെടുത്തുന്നതിനായി സ്കൂൾ / ഹോസ്റ്റൽ എന്നിവിടങ്ങളിൽ ലൈബ്രറികൾ തുടങ്ങിയിട്ടുണ്ട്. അധ്യാപകരുടെ നേതൃത്വത്തിൽ രാത്രികാല പഠനം 6.30 മുതൽ 8 മണിവരെ |

| | | | |
|---|---|---|---|
| | | | നടത്തുന്നു. ഓരോ ക്ലാസ്സിലും പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ കണ്ടെത്തി അവർക്ക് പ്രത്യേക പഠന സഹായികളുപയോഗിച്ച് പഠന പ്രവർത്ത നങ്ങൾ നടത്തിവരുന്നു. പഠന സഹായത്തിനായി പ്രീമെട്രിക് ഹോസ്റ്റലു കളിൽ പാർട്ട് ടൈം ട്യൂട്ടർമാരുടെയും വാർഡന്റെയും സഹായത്തോടെ ട്യൂഷൻ നൽകി വരുന്നു. ഹോസ്റ്റൽ ജീവനക്കാർ വിദ്യാർത്ഥികൾക്ക് പഠനത്തിനാവശ്യമായ അന്തരീക്ഷം ഹോസ്റ്റലുകളിൽ ഒരുക്കി നൽകുന്നു. എസ്. എസ്. എൽ. സി , +2, പരീക്ഷക്ക് മുമ്പായി ദ്വിദിന എക്സ്ലാം ഓറിയന്റേഷൻ ക്ലാസ്സ് സംഘടിപ്പിക്കുന്നു. എസ്. എസ്. എൽ. സി, +2 വിദ്യാർത്ഥികൾക്ക് രാവിലെയും വൈകിട്ടും പ്രത്യേക പരിശീലനം നൽകുന്നു.<br>വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനായി പോഷകസമൃദ്ധവും രുചികരവുമായ രീതിയിൽ മെനു പ്രകാരം ഭക്ഷണം യഥാസമയത്ത് നൽകിവരുന്നു. രോഗം ബാധിച്ച വിദ്യാർത്ഥികളെ ഡോക്ടറെ കാണിച്ച് ചികിത്സ തേടുന്നു. രോഗികളായ അന്തേവാസികളെ നിരീക്ഷിക്കുന്നതിന് സിക്ക് റൂം സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. മാസത്തിലൊരിക്കൽ വകുപ്പിന്റെ മൊബൈൽ മെഡിക്കൽ യൂണിറ്റ് വിദ്യാലയങ്ങൾ സന്ദർശിച്ച് പരിശോധന നടത്തി മരുന്ന് വിതരണം ചെയ്യുന്നു. ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സേവനം ആവശ്യമുള്ള പ്പോഴെല്ലാം ലഭ്യമാക്കുന്നുണ്ട്. എം. ആർ. എസ് വിദ്യാർത്ഥിനികൾക്ക് ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സുമാരുടെ സേവനവും വകുപ്പ് നൽകുന്നുണ്ട്. യഥാസമയം ഹോമിയോ ഡിപ്പാർട്ട്മെന്റിന്റേയും ആരോഗ്യവകുപ്പിന്റേയും പ്രതിരോധ മരുന്നുകൾ നൽകിവരുന്നു. കൗമാര പ്രായക്കാരായ പെൺകുട്ടികൾക്ക് ആരോഗ്യവകുപ്പ് (ആയുർവ്വേദം) " ഋതു " പ്രോജക്റ്റ് നടത്തി പ്രശ്നപരിഹാരം നൽകിവരുന്നുണ്ട്. വിദ്യാർത്ഥികളുടെ ആരോഗ്യ സംരക്ഷണത്തിനായി പി. എച്ച്. സി /സി .എച്ച്. സി മുഖേന മെഡിക്കൽ ക്യാമ്പുകളും ബോധവൽക്കരണ ക്ലാസ്സുകളും നടത്തി |

| | | | |
|---|---|---|---|
| | | | വരുന്നുണ്ട്. ആവശ്യമായ ഘട്ടങ്ങളിൽ ആശുപത്രികളിൽ ചികിത്സ ലഭ്യമാക്കുകയും ചികിത്സാ ചെലവ് വകുപ്പ് നൽകുകയും ചെയ്യുന്നുണ്ട്. |
| (ബി) | പ്രസ്തുത ഹോസ്റ്റലുകളിൽ മതിയായ ട്യൂട്ടർമാരുൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവവും ജീവനക്കാർ കുട്ടികളോടുള്ള പെരുമാറ്റത്തിൽ കാണിക്കുന്ന അലംഭാവവും കുറ്റകരമായ പ്രവൃത്തികളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ; | (ബി) | പട്ടികജാതി വിഭാഗത്തിൽ ട്യൂട്ടർമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ അഭാവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയത് നികത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ജീവനക്കാർ കുട്ടിക ളോടുള്ള പെരുമാറ്റത്തിൽ കാണിക്കുന്ന അലംഭാവം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഹോസ്റ്റലുകളിൽ നിരുത്തരവാദപരമായ പ്രവർത്തികൾ ശ്രദ്ധയിൽപ്പെട്ടാൽ ടി ജീവനക്കാർക്കെതിരെ തക്ക സമയത്ത് തന്നെ നടപടി സ്വീകരിക്കുന്നുമുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ ഹോസ്റ്റലുകളിൽ അന്തേവാസികളുടെ പഠനത്തിന് സഹായിക്കുന്നതിനായി മതിയായ ട്യൂട്ടർമാരുൾപ്പെടെ ജീവനക്കാരെ നിയമിച്ചിട്ടുണ്ട്. ജീവനക്കാർ അന്തേവാസികളോടുള്ള പെരുമാറ്റത്തിൽ അലംഭാവം കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) | പ്രസ്തുത പരാതികൾ പരിഹരിയ്ക്കാനും കുറ്റക്കാർക്ക് ശിക്ഷ ഉറപ്പ് വരുത്താനും ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നു വെന്ന് വ്യക്തമാക്കുമോ ; | (സി) | പട്ടികജാതി വിഭാഗത്തിൽ ഗുരുതരമായ കൃത്യവിലോപം നടത്തിയിട്ടുള്ള ജീവനക്കാർക്ക് സസ്പെൻഷൻ അടക്കമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>പട്ടികവർഗ്ഗ വിഭാഗത്തിൽ അന്തേവാസികളോട് അനുഭാവപൂർവ്വം പെരുമാറുന്നതിന് ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. വീഴ്ച വരുത്തുന്ന ജീവനക്കാർക്കെതിരെ നിയമാനുസൃതമായ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) | പ്രസ്തുത പ്രീമെട്രിക്/ പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ, മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ എന്നിവയുടെ ആധുനീകരണത്തിനും നവീകരണത്തിനുമായി ഈ സർക്കാർ എന്തു തുക നീക്കി വച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ? | | പട്ടികജാതി വകുപ്പിന്റെ മൊത്തം സ്ഥാപനങ്ങളുടെ നവീകരണത്തിനായി 2016 -17 വർഷം 4225 -01-800-89 (1) ശീർഷകത്തിൽ 1,500 ലക്ഷം രൂപയും 2225-01-277-57-34 (പി) എന്ന ശീർഷകത്തിൽ 380 കോടി രൂപയും എം. ആർ. എസ് നവീകരണത്തിനായി 2225-01-277-58 (പി) എന്ന ശീർഷകത്തിൽ 1500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ജില്ലാ പട്ടികജാതി വികസന ഓഫീസർമാരുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ ആവശ്യാ |

നുസരണം തുക ചെലവഴിച്ച് വരുന്നുമുണ്ട്.

പ്രീമെട്രിക് ഹോസ്റ്റലുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന് കൈമാറിയ പദ്ധതിയായതിനാൽ പ്രീമെട്രിക് ഹോസ്റ്റലുകളുടെ പുരോഗതിക്കായി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

പട്ടികവർഗ്ഗ വിഭാഗത്തിൽ പ്രീമെട്രിക് / പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ , എം. ആർ. എസ് എന്നിവയുടെ പ്രവർത്ത നത്തിനും ആധുനീകരണത്തിനും നവീകരണത്തിനുമായി നടപ്പ് സാമ്പത്തിക വർഷം വിവിധ ശീർഷകങ്ങളിൽ 57,25,00,000/- രൂപ (അമ്പത്തിയേഴ് കോടി ഇരുപത്തിയഞ്ച് ലക്ഷം രൂപ മാത്രം) വിവിധ ശീർഷകങ്ങളിലായി നീക്കിവച്ചിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| 1 | 2225 – 02 – 277 – 49 - Management cost for MRS | 50,00,00,000/- |
| 2 | 2225-02-277-73– Postmatric hostels | 1,25,00,000/- |
| 3 | 2225 – 02 – 277 – 52 - Improving facilities of hosters | 5,00,00,000/- |
| 4 | 2225-02-102-800-VKY | 1,00,00,000/- |
| | TOTAL | Rs. 57,25,00,000/- |

ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ ബഡ്ജറ്റ് പ്രസംഗത്തിനനുസരിച്ച് പട്ടിക വർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള എം, ആർ, എസ് ഹോസ്റ്റലുകളുടെ നവീകരണത്തിനായി 100 കോടി രൂപയുടെ പദ്ധതികൾ KIIFB യിൽ സമർപ്പിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ